# Athmaraksha.org

നമ്മൾ ദൈവത്തിനു തിരിച്ചു നൽകേണ്ടത്?

## സംഭാഷണത്തിലൂടെയാണ് ഒരാളുടെ വ്യക്തിത്വം പ്രകടമാകുന്നത്



മറ്റുള്ളവരുമായി സംഭാഷണത്തിലേർപ്പെടുമ്പോൾ ക്രൈസ്തവർ എന്ന നിലയിൽ തങ്ങ ളുടെ വ്യക്തിത്വം ഉറപ്പാക്കാൻ ഫ്രാൻസിസ് പാപ്പാ ബിഷപ്പുമാരോട് ആഹ്വാനം ചെയ്തു. ഏഷ്യയിലെ വിവിധരാജ്യങ്ങളിലെ ബിഷപ്പുമാരോട് സംസാരിക്കുകയായിരുന്നു ഫ്രാൻസിസ് പാപ്പ. ചെറിയ ആട്ടിൻപറ്റമാണ് നിങ്ങളെന്നും നല്ലിടയന്റെ ശ്രദ്ധ എപ്പോഴും തന്റെ ആട്ടിൻപറ്റങ്ങളിൽ ഉണ്ടെന്ന കാര്യം ഓർമ്മിക്കണമെന്നും പാപ്പാ കൂട്ടിച്ചേർത്തു.

ഫെഡറേഷൻ ഓഫ് ഏഷ്യൻ ബിഷപ്പ്സ് കോൺഫറൻസിലെ അംഗങ്ങളു മായുള്ള മീറ്റിംഗായിരുന്നു കൊറിയൻ സന്ദർശനത്തിന്റെ അവസാനദിവസം ആരംഭിച്ചത്. മറ്റുള്ളവരുമായി സംഭാഷണത്തിലേർപ്പെടാൻ ചില അടിസ്ഥാനതത്വങ്ങൾ ആവശ്യ മാണെന്ന് പാപ്പാ പറയുന്നു. സ്വന്തം വ്യക്തിത്വം ഉറപ്പാക്കുകയും മറ്റു വ്യക്തികളുമായി താദാത്മ്യം പ്രാപിക്കുകയും ചെയ്യുക എന്നീ കാര്യങ്ങൾ വളരെ പ്രാധാന്യമർഹിക്കു ന്നവയാണ്.

വ്യക്തിത്വവും താദാത്മ്യം പ്രാപിക്കലും തമ്മിൽ അഭേദ്യമായ ബന്ധമാണുള്ളത്. "ക്രൈസ്തവനാണെന്ന സ്വയംബോധം ഇല്ലാത്ത വ്യക്തിക്ക് മറ്റൊരാളുമായി യഥാർത്ഥമായ സംഭാഷണത്തിൽ ഏർപ്പെടാൻ കഴിയുകയില്ല. നിങ്ങളുടെ ആശയവിനിമയം ആത്മഭാഷണം ആയിരിക്കരുത്. മറ്റു വ്യക്തികളെയും സംസ്കാരത്തെയും തുറന്ന മനസ്സോടെ സ്വീകരിക്കാനുള്ള കഴിവ് നിങ്ങളുടെ സംഭാഷണത്തിനുണ്ടായിരിക്കണം." പാപ്പാ വിശദീകരിക്കുന്നു. സംഭാഷണം ആകർഷ ണീയമായിരിക്കണം എന്നും പാപ്പ വ്യക്തമാക്കുന്നു.

വാക്കുകൾകൊണ്ടു മാത്രമല്ല ഹൃദയംകൊണ്ടും സംസാരിക്കണമെന്നാണ് ഫ്രാൻസിസ് പാപ്പാ പറയുന്നത്. കേൾക്കുന്നവരുടെ അനുഭവങ്ങളും പ്രതീക്ഷകളും ആഗ്രഹങ്ങളും സംസാരത്തിനിടയിൽ നമ്മൾ മനസ്സിലാക്കണം. അവിടെയാണ് ഹൃദയംഗമമായ സംഭാഷണം സാധ്യമാകുന്നത്. ഉത്തരകൊറിയയുമായുള്ള അനുരജ്ഞനത്തിന് ഈ രീതിയിലുള്ള സംഭാഷണമാണ് ആവശ്യമെന്ന് പാപ്പ പറയുന്നു.